DESPATCH
On 14/12/21

24/11/2021



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ AP No. 744(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6474/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സെന്തിൽ കുമാർ കെ.വി,
കളരി പുരയിടം,
കോട്ടമുക്ക്, കൊല്ലം – 691 013. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഫാത്തിമ മാതാ നാഷണൽ കോളേജ്,
കൊല്ലം – 691 001.

2. അപ്പീൽ അധികാരി ,
പ്രിൻസിപ്പാൾ,
ഫാത്തിമ മാതാ നാഷണൽ കോളേജ്,
കൊല്ലം – 691 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 31/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | --- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/05/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സെന്തിൽ കുമാർ കെ.വി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 01.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഫാത്തിമ മാതാ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ഫിസിക്സ്, മലയാളം, ഇക്കണോമിക്സ്, ഇംഗ്ലീഷ്, സുവോളജി വിഷയങ്ങളിൽ 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയ അഭിമുഖത്തിൽ യുജിസി റെഗുലേഷൻ 2018/കേരള യൂണിവേഴ്സിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വിവിധ തലങ്ങളിൽ ലഭിച്ച മാർക്കിന്റെ സ്കോർ ഷീറ്റിന്റെ പകർപ്പാണ്.

3. ഹർജിക്കാരന്റെ 01.02.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 31.03.2021 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിനും മറുപടിയൊന്നും ലഭ്യമായിട്ടില്ലാത്തതുമാണ്.

4. രണ്ടാം എതിർകക്ഷി 18.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 01.02.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് 22.02.2021 ലും 31.03.2021 ലെ ടിയാന്റെ അപ്പീലപേക്ഷയ്ക്ക് 03.05.2021 ലും മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടികളുടെ പകർപ്പുകൾ റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തി കാണുന്നു. എന്നാൽ ആയത് തെളിയിക്കുന്നതിന് എന്തെങ്കിലും തെളിവ് ഹാജരാക്കിയതായി കാണുന്നില്ല. അപ്രകാരം വിശദീകരണം നൽകുമ്പോൾ ആയത് ബോധ്യപ്പെട്ടാൻ ഉതകുന്ന ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് രജിസ്റ്റർ തുടങ്ങിയവ കൂടി ഹാജരാക്കണമായിരുന്നു. മേലിൽ ഇത്തരം അശ്രദ്ധ ഉണ്ടാകുവാൻ പാടില്ല എന്ന് കമ്മീഷൻ ഒന്നും രണ്ടും എതിർകക്ഷികളെ താക്കീതു ചെയ്യുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയ

തായി കാണുന്നില്ല. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. 18.08.2021 തീയതി വച്ച് രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ആയതിൽ ടി മറുപടികളുടെ പകർപ്പുകളും ഉൾക്കൊള്ളിച്ചുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ടി മറുപടികൾ ലഭിച്ചിട്ടുള്ളതായി ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ സമ്മതിച്ചിട്ടുള്ളതാണ്. ടി മറുപടികളിൽ മറുപടി നൽകിയ ഉദ്യോഗസ്ഥന്റെ പേരോ, ആഫീസ് സീലോ, ഫോൺ നമ്പറോ തുടങ്ങിയവ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല. തികച്ചും അശ്രദ്ധമായും ഉദാസീനമായും വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്ത എതിർകക്ഷികളെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട സ്കോർ ഷീറ്റിൽ ഇന്റർവ്യൂ ബോർഡ് അംഗങ്ങളുടെ പേര്, ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ജാതി, ജനന തീയതി, അവരുടെ മാർക്കുകൾ എന്നിവ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വിവരാവകാശ നിയമം 8(1) ജെ പ്രകാരം നൽകാൻ കഴിയില്ല എന്നാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ഇന്റർവ്യൂവിൽ പങ്കെടുത്തിട്ടില്ലാത്ത ഒരു മൂന്നാമനാണ് അപ്പീലപേക്ഷകൻ. ഒന്നാം അപ്പീലധികാരിയുടെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ മൂന്നാം കക്ഷിയുടെ സ്കോർ ഷീറ്റോ, ബോർഡ് അംഗങ്ങളുടെ പേരോ വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്തുവാൻ കഴിയുന്നതല്ല. വ്യക്തിഗത വിവരങ്ങളടങ്ങുന്നതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1) (J) പ്രകാരം ടി വിവരങ്ങൾ വെളിപ്പെടുത്തുവാൻ പാടില്ല എന്ന ഒന്നാം അപ്പീലധികാരിയുടെ ഉത്തരവ് ശരിവച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 24-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION